പദ്ധതി ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിൻപ്രകാരം ഒന്നാം സമ്മാനമായി 15 ലക്ഷം രൂപയും രണ്ടാം സമ്മാനമായി 10 ലക്ഷം രൂപയും മൂന്നാം സമ്മാനമായി 5 ലക്ഷം രൂപയുമാണ് നൽകുന്നത്.

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. തുടർ നടപടികൾ നടന്നുവരുന്നു.

കട്ടനാട് പാക്കേജ് - വൈക്കം നിയോജക മണ്ഡലത്തിലെ പ്രവൃത്തികൾ

161 (3135) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കട്ടനാട് പാക്കേജ് വഴി കൃഷി വകുപ്പിന്റെ കീഴിൽ വൈക്കം നിയോജക മണ്ഡലത്തിൽ ഏതെല്ലാം ജോലികളാണ് നടന്നുവരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തികൾ ഏതു ഘട്ടംവരെയെത്തിയെന്നും പൂർത്തിയായ ജോലികൾ ഏതൊക്കെയെന്നും വെളിപ്പെടുത്തുമോ ;

(സി) കട്ടനാട് പാക്കേജിന്റെ പ്രവർത്തന കാലാവധി നീട്ടിയതിൽ വൈക്കം മണ്ഡലത്തിൽ കൃഷി വകുപ്പിന്റെ ഏതെല്ലാം പദ്ധതികൾക്ക് സഹായകരമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി മണ്ണുപര്യവേഷണ സംരക്ഷണ വകുപ്പു മുഖേന വൈക്കം നിയോജകമണ്ഡലത്തിൽ കളങ്ങളുടെയും കിണറുകളുടെയും പുനരുദ്ധാരണമാണ് പ്രധാനമായും നടന്നുവരുന്നത്. ഇതുകൂടാതെ രാമച്ചം, ഔഷധ സസ്യം, ടിഷ്യു കൾച്ചർ വാഴത്തൈകൾ എന്നിവയുടെ വിതരണവും നടത്തിയിട്ടുണ്ട്.

(ബി) വൈക്കം നിയോജക മണ്ഡലത്തിൽ 9 കളങ്ങൾ, 480 കിണറുകൾ എന്നിവയുടെ പുനരുദ്ധാരണം പൂർത്തിയാക്കി. 76000 എണ്ണം രാമച്ചം, 10000 എണ്ണം ഔഷധസസ്യങ്ങൾ, 5000 എണ്ണം ടിഷ്യുകൾച്ചർ വാഴ എന്നിവയുടെ വിതരണവും പൂർത്തിയാക്കിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾക്കായി മൊത്തം 218.52 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മേൽ വിവരിച്ചതുകൂടാതെ 6 കളങ്ങൾ, കിണറുകൾ എന്നിവയുടെ നവീകരണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയാണ്. എന്നാൽ കല്ലിന്റെ ലഭ്യത കുറവുമൂലം നിലവിൽ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിരിക്കുകയാണ്. പൂർത്തീകരിച്ച/പ്രവർത്തനങ്ങൾ പുരോഗമിക്കുന്ന കളങ്ങളുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) കട്ടനാട് പാക്കേജിന്റെ പ്രവർത്തന കാലാവധി നീട്ടികിട്ടിയിട്ടില്ല. ജലസേചന വകുപ്പിൻ കീഴിൽ വരുന്ന പദ്ധതികൾക്ക് മാത്രമേ താഴെ കാണും പ്രകാരം പദ്ധതി പൂർത്തീകരിക്കാൻ കേന്ദ്രം സമയപരിധി നീട്ടി നൽകിയിട്ടുള്ളൂ.

KEL-1 പദ്ധതി - 118.91 കോടി രൂപ - സമയപരിധി മാർച്ച് 2015 വരെ

KEL-2 പദ്ധതി - 72.18 കോടി രൂപ - സമയപരിധി മാർച്ച് 2015 വരെ

KEL-3 പദ്ധതി - 379.05 കോടി രൂപ - സമയപരിധി ഡിസംബർ 2016 വരെ

ഓണാട്ടുകര പദ്ധതി- 248.39 കോടി രൂപ - സമയപരിധി ഡിസംബർ 2016 വരെ

പച്ചക്കറി കൃഷിക്കായി ഡ്രിപ് ഇറിഗേഷൻ

162 (3136) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലത്തിന്റെ ലഭ്യത കുറവ് കാരണം വീട്ടുമുറ്റത്തും ടെറസിലും അടുക്കള തോട്ടങ്ങളിലും ഉണ്ടാക്കുന്ന പച്ചക്കറി കൃഷി നശിച്ച് പോകുന്നതും വരൾച്ച കൂടുത സമയത്ത് ആളുകൾ കൃഷി നിർത്തുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു പരിഹരിക്കുന്നതിനായി ജലത്തിന്റെ അമിത ഉപഭോഗം കുറയ്ക്കുന്നതിനും ഡ്രിപ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കാനും ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഇതിനായുള്ള സാമഗ്രികൾ സബ്സിഡി നിരക്കിൽ ഗുണഭോക്താക്കൾക്ക് നൽകുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ഡ്രിപ്പ് ഇറിഗേഷനാവശ്യമായ സാമഗ്രികൾ സബ്സിഡി നിരക്കിൽ കർഷകർക്ക് നൽകുന്ന കാര്യം പരിഗണിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly